150 YEARS OF CELEBRATING THE MAHATMA

**കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - അനദ്ധ്യാപക ജീവനക്കാര്യം - ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേക്ക് സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ:C2/1429/2019/DCEതിരുവനന്തപുരം തീയതി:08.02.2023

*പരാമർശം:*-(1) 01.02.2023 തീയതിലെ B1 - 47/ 2023 നമ്പർ പ്രിൻസിപ്പലിന്റെ കത്ത്
(2) 16.02.2021 തീയതിലെ സി1/46714/2019/കോ വി വാ നമ്പർ സീനിയർ ക്ലാർക്കുമാരുടെ മുൻഗണനാ പട്ടിക
(3) ഹെഡ് അക്കൗണ്ടന്റ്മാരിൽ നിന്നും ലഭിച്ച അപേക്ഷകൾ.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ചുവടെപ്പറയുന്ന ഒഴിവ് ഉണ്ടാകുന്നു.

| ക്രമ നമ്പർ | ഒഴിവ് വരുന്ന സ്ഥാപനം | ഒഴിവ് വരുന്ന രീതി |
|---|---|---|
| 1 | ഗവണ്മെന്റ് കോളേജ്, കോടഞ്ചേരി | ശ്രീ. മണികണ്ഠൻ ഐ എസ് ഹെഡ് അക്കൗണ്ടന്റിന് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം ലഭിച്ച് വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ഒഴിവ് |

മേൽ സൂചിപ്പിച്ച ഒഴിവിലേക്ക് ചുവടെപ്പറയുന്ന ഹെഡ് അക്കൗണ്ടന്റിനെ അവരുടെ അപേക്ഷ പരിഗണിച്ച് പേരിനെതിരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

**സ്ഥലംമാറ്റം.**

| ക്രമ നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം. | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി. ഗീത. ടി<br>ഹെഡ് അക്കൗണ്ടന്റ്<br>ഇ കെ എൻ എം ഗവണ്മെന്റ് കോളേജ് , എളേരിത്തട്ട്<br>(ഹോം സ്റ്റേഷൻ: തൃശ്ശൂർ ) | ഗവണ്മെന്റ് കോളേജ്, കോടഞ്ചേരി<br>(ശ്രീ. മണികണ്ഠൻ.ഐ എസ് ഹെഡ് അക്കൗണ്ടന്റിനു അന്യത്രസേവന വ്യവസ്ഥയിൽ നിയമനം ലഭിച്ച് വിടുതൽ നൽകിയ ഒഴിവ് ) |

മുകളിൽ സൂചിപ്പിച്ച സ്ഥലം മാറ്റത്തിനു ശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ വന്ന ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ ഒഴിവിലേക്ക് പരാമർശം (2) മുൻഗണനാ പട്ടികയിലെ മുൻഗണനാ ക്രമം അനുസരിച്ച് ചുവടെ പേര് ചേർത്തിരിക്കുന്ന സീനിയർ ക്ലർക്കിനെ 39300 - 83000 രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റ് ആയി സ്ഥാനക്കയറ്റം നൽകി ചുവടെ പറയുന്ന സ്ഥാപനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

**സ്ഥാനക്കയറ്റം**

| ക്രമ നം. | പേരും ജോലി ചെയ്യുന്ന സ്ഥാപനവും. | 16.02.2021 ലെ സി 1/46714/2016/ കോവിവ പ്രകാരമുള്ള സീനിയർ ക്ലർക്കുമാരുടെ മുൻഗണന പട്ടികയിലെ ക്രമ നം. | ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം. |
|---|---|---|---|
| 1 | ശ്രീമതി. വർഷ. വി<br>സീനിയർ ക്ലർക്ക്<br>യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം<br>(ഹോം സ്റ്റേഷൻ: തിരുവനന്തപുരം ) | 33<br>(ക്രമ നം.31 വരെയുള്ളവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്)<br>(ക്രമ നമ്പർ 32 സ്ഥാനക്കയറ്റം നിരസിച്ചു ഉത്തരവായിട്ടുണ്ട്) | ഇ കെ എൻ എം ഗവണ്മെന്റ് കോളേജ് എളേരിത്തട്ട്<br>(ശ്രീമതി.ഗീത ടി ഹെഡ് അക്കൗണ്ടന്റിനെ സ്ഥലം മാറ്റം നൽകിയ ഒഴിവ് ) |

ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും 14 ദിവസത്തിനകം വിടുതൽ വാങ്ങി നിയമനം ലഭിച്ച സ്ഥാപനത്തിൽ

ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടി ജീവനക്കാർ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ സ്ഥാപന മേധാവികൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് ആയ www.collegiateedu.kerala.gov.in യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

Approval Valid

Digitally Approved By
സജിത്ത് കെ.ഐ
Date: 08.02.2023
Reason: Approved

Sd/-
സജിത്ത് കെ.ഐ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dir.colledn@kerala.gov.in

പകർപ്പ്,
(1) ബന്ധപ്പെട്ട ജീവനക്കാർക്ക്.
(2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.